# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 14.10.2024**

## പ്രധാനവാർത്തകൾ

1) **രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ അൾജീരിയ സന്ദർശനം തുടരുന്നു; രാഷ്ട്രപതി ഇന്ന് അൾജീരിയൻ പ്രസിഡൻറുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.**
2) **വയനാട് പുനരധിവാസം സംബന്ധിച്ച പ്രതിപക്ഷത്തിന്റെ ഉപക്ഷേപത്തിന്മേൽ നിയമസഭയിൽ ചർച്ച ആരംഭിച്ചു.**
3) **വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയ പ്രവർത്തനങ്ങൾ തടയുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി എം.ബി രാജേഷ്.**
4) **കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം ഉറപ്പു വരുത്താൻ സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ ഗ്രിഡ് ഉടൻ സജ്ജീകരിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.**
5) **സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

********************************************************************

RNUTVPM

## രാഷ്ട്രപതി സന്ദർശനം - (ഇൻട്രോ)

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി അൾജീരിയയിൽ എത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് അൾജീരിയൻ പ്രസിഡൻറുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. അൾജീരിയൻ ഇന്ത്യ ഇക്കണോമിക് ഫോറത്തെയും രാഷ്ട്രപതി ഇന്ന് അഭിസംബോധന ചെയ്യും. രക്തസാക്ഷികളുടെ സ്മാരകമായ മഖാം എച്ചാഹിദും മുജാഹിദ് മ്യൂസിയവും ശ്രീമതി മുർമു സന്ദർശിക്കും. ഇന്നലെ ശ്രീമതി മുർമു അൾജീരിയയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു.

**(വോയിസ്....................... )**

ആഫ്രിക്കൻ സന്ദർശനത്തിൻറെ രണ്ടാം പാദത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ബുധനാഴ്ച മൗറിറ്റാനിയ സന്ദർശിക്കും. തുടർന്ന് ഈ മാസം 17 മുതൽ 19 വരെയാണ് മലാവി സന്ദർശനം.

*****************************************************************

## നിയമസഭ - അടിയന്തര പ്രമേയം

RNU TVPM

വയനാട് പുനരധിവാസം, കേന്ദ്രസഹായം ഉറപ്പു വരുത്തൽ എന്നിവ സംബന്ധിച്ച് പ്രതിപക്ഷത്തിൻറെ ഉപക്ഷേപം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യുന്നു. വയനാട് പുനരധിവാസത്തിൽ സഭാംഗങ്ങൾ ഒന്നിച്ചു നിൽക്കുന്നുവെന്ന സന്ദേശം കൈമാറാനുള്ള അവസരമാണിതെന്ന് ചർച്ചയ്ക്ക് സന്നദ്ധത അറിയിച്ച മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിപക്ഷത്തു നിന്നും ടി സിദ്ദിഖാണ് നോട്ടീസ് നൽകിയത്.

*****************************************************************

## ചോദ്യോത്തരവേള-മുഖ്യമന്ത്രി

കോവളം - ബേക്കൽ ജലപാത വികസനത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്സ്- 3 നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികളും തുടരുകയാണ്. വർക്കല, കഠിനംകുളം, തിരുവനന്തപുരം മേഖലയിൽ കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1,480 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ 247 കോടി രൂപയുടെ പദ്ധതി

കിഫ്ബി സഹായത്തോടെ നടപ്പാക്കുന്നുണ്ടെന്നും മുഖ്യമന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

*************************************************************

## മുഖ്യമന്ത്രി -തീരദേശം

സംസ്ഥാന താൽപ്പര്യങ്ങൾക്കനുസൃതമായി തീരദേശ നിയന്ത്രണ മേഖലയിൽ കൂടുതൽ ഇളവുകൾക്കായി ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പി. നന്ദകുമാറിൻ്റെ ശ്രദ്ധക്ഷണിക്കലിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി. കടൽ, കായൽ തീരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണ പരിധിയിൽ ഇളവുകൾ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച കരട് തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാർ അംഗീകാരം നൽകിയതായും മുഖ്യമന്ത്രി പറഞ്ഞു.

*************************************************************

## എം. ബി രാജേഷ് -(ഇൻട്രോ)

സംസ്ഥാനത്ത് ലഹരി മരുന്ന് കേസുകൾ വർധിച്ചു വരുന്നതും, പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളുടെ അളവും ആശങ്കപ്പെടുത്തുന്നതായി മന്ത്രി എം ബി രാജേഷ്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരി മാഫിയ പ്രവർത്തനങ്ങൾ തടയുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.

**(വോയിസ്.................)**

കുട്ടികളിലെ ലഹരി ഉപയോഗം, കൗൺസിലിങ്ങും ചികിത്സയും , വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരി തടയൽ എന്നീ ലക്ഷ്യങ്ങളോടെ വാർഷിക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് മന്ത്രി

അറിയിച്ചു.

*************************************************************

RNUTVPM

## നിയമസഭ - വീണാ ജോർജ്

കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം ഉറപ്പു വരുത്താൻ സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ ഗ്രിഡ് ഉടൻ സജ്ജീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനം എന്ന പദവി കൈവരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ആരോഗ്യമന്ത്രി നിയമസഭയിൽ ചോദ്യോത്തരവേളയിൽ വ്യക്തമാക്കി. കേരളത്തിന്റെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സവിശേഷമാണെന്ന് ലോകാരോഗ്യ സംഘടന വ്യക്തമാക്കിയിട്ടുള്ളതാണ്. നിലവിലെ സംവിധാനങ്ങൾ വഴി രണ്ടര ലക്ഷത്തോളം രോഗികൾക്ക് സ്വാന്തന പരിചരണം ഉറപ്പുവരുത്തുന്നതായും ആരോഗ്യമന്ത്രി അറിയിച്ചു.

*************************************************************

## നിയമസഭ-ആദരാഞ്ജലികൾ

അന്തരിച്ച പ്രമുഖ വ്യവസായി രത്തൻ ടാറ്റയ്ക്ക് ആദരാഞ്ജലി അർപ്പിച്ച് കേരള നിയമസഭ. വ്യവസായിക രംഗത്ത് സാമൂഹിക കാഴ്ചപ്പാടിൻറെ പുത്തൻ ഭാഷ്യം സൃഷ്ടിച്ച വ്യക്തിത്വമായിരുന്നു രത്തൻ ടാറ്റ എന്ന് സ്പീക്കർ എ. എൻ ഷംസീർ അനുസ്മരിച്ചു.

RNU TVPM

*************************************************************

## വീണാ ജോർജ്

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിൻറെ ഭാഗമായി സംഘടിപ്പിക്കുന്ന ആയുഷ് മെഡിക്കൽ ക്യാമ്പുകൾക്ക് ഇന്ന് തുടക്കം. സംസ്ഥാനത്താകെ 608 ആയുഷ് മെഡിക്കൽ ക്യാമ്പുകളാണ് സംഘടിപ്പിക്കുന്നത്.

*************************************************************

## ബ്രേക്ക്.............

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

*************************************************************

## **വിലങ്ങാട് സന്ദർശനം**

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സന്ദർശിച്ചു. നാശ നഷ്ടമുണ്ടായ മഞ്ഞച്ചീളി പ്രദേശം സന്ദർശിച്ച ചീഫ് സെക്രട്ടറി വിലങ്ങാട്ടെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വാണിമേൽ ഗ്രാമപഞ്ചായത്തിൽ നടന്ന അവലോകന യോഗത്തിലും സംബന്ധിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

****************************************************************

## **മഴ - സംസ്ഥാനം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ മാഹി തീരം തെക്കൻ തമിഴ് നാട് തീരം എന്നിവിടങ്ങളിൽ ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

****************************************************************

## **ക്രിക്കറ്റ്**

വനിതാ ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ന്യൂസിലാൻഡ് - പാകിസ്ഥാനുമായി ഏറ്റുമുട്ടും. മത്സരത്തിൽ പാകിസ്ഥാൻ വിജയിച്ചാൽ ഇന്ത്യ സെമിയിൽ പ്രവേശിക്കും. ഇന്നലെ നടന്ന മത്സരത്തിൽ 9 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തിയ ഓസ്ട്രേലിയ സെമി ഫൈനൽ ഉറപ്പിച്ചിരുന്നു.

****************************************************************

## **ജമ്മു കശ്മീർ**

പുതിയ സർക്കാർ രൂപീകരണത്തിന് വഴിയൊരുക്കി ജമ്മു കശ്മീരിലെ രാഷ്ട്രപതി ഭരണം കേന്ദ്രം പിൻവലിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം ഭൂരിപക്ഷം നേടിയതിനെ തുടർന്ന് നാഷണൽ കോൺഫറൻസ് വൈസ് പ്രസിഡൻ്റ് ഒമർ അബ്ദുള്ള പുതിയ

RNU TVPM

സർക്കാർ രൂപീകരിക്കാനായി ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹയെ കണ്ടിരുന്നു.

*************************************************************

## മച്ചാട് വാസന്തി

അന്തരിച്ച നാടക-സിനിമാ ഗായിക മച്ചാട് വാസന്തിക്ക് യാത്രാമൊഴി. കോഴിക്കോട് ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ എം കെ രാഘവൻ എംപി. ഡെപ്യൂട്ടി മേയർ സി പി മുസാഫിർ അഹമ്മദ്, സംവിധായകൻ വി എം വിനു, തുടങ്ങി നിരവധിപേർ ആദരാഞ്ജലി അർപ്പിച്ചു. സംസ്കാരം മനാരി ശ്മശാനത്തിൽ നടന്നു. കല്ലായിൽ എം എസ് ബാബുരാജിൻറെ ശിക്ഷണത്തിൽ സംഗീതം അഭ്യസിച്ച മച്ചാട് വാസന്തി ആകാശവാണിയിൽ ഉൾപ്പടെ നിരവധി ഗാനങ്ങൾ പാടിയിട്ടുണ്ട്. കോഴിക്കോട്ട് കേന്ദ്രമാക്കിയുള്ള നാടകങ്ങളിൽ പാടിയ വാസന്തി നായികാ വേഷങ്ങളിലുമെത്തി. പച്ച പനംതത്തേ... എന്ന ഗാനം പ്രശസ്തമാണ്.

RNU TVPM

*************************************************************

## ശബരിമല - ദേവസ്വംബോർഡ്

ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തരുടെ സുരക്ഷയ്ക്കാണ് പ്രാധാന്യമെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് പി എസ് പ്രശാന്ത്. സ്പോട്ട് ബുക്കിങ് ഒഴിവാക്കി വെർച്വൽ ക്യൂ സംവിധാനവുമായി മുന്നോട്ട് പോകാനാണ് തിരുമാനമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. ഭക്തരുടെ സുരക്ഷ മുൻ നിർത്തി നടപ്പാക്കുന്ന തീരുമാനങ്ങൾ അട്ടിമറിക്കുമെന്ന തരത്തിൽ നടത്തുന്ന പ്രസ്താവനകൾ ഏറെ ദുഖകരമാണെന്നും ദേവസ്വം ബോർഡ് പ്രസിഡൻറ് വ്യക്തമാക്കി.

*************************************************************

## ശബരിമല സ്പോട്ട് ബുക്കിംഗ്

ശബരിമലയിലെ സ്പോട്ട് ബുക്കിങ്ങ് വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി NSS. ശബരിമലയിൽ  സ്പോട്ട് ബുക്കിംഗ് നിർത്തലാക്കാനുള്ള നീക്കം ഭക്തരോടുള്ള വെല്ലുവിളിയാണെന്ന്  കോൺഗ്രസ് നേതാവ് ശശി തരൂർ എംപി പ്രതികരിച്ചു. തീരുമാനം അന്യസംസ്ഥാന തീർത്ഥടകരെ ഉൾപ്പെടെ കാര്യമായി ബാധിക്കുമെന്നും ശ്രീ ശശി തരൂർ പറഞ്ഞു.

*************************************************************

## ജോർജ് കുര്യൻ

മദ്രസകളുമായി ബന്ധപ്പെട്ട ബാലാവകാശ കമ്മീഷൻ്റെ തീരുമാനങ്ങളിൽ കേന്ദ്ര സർക്കാരിന് പങ്കില്ലെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. വിഷയത്തിൽ എതിർപ്പുള്ളവർക്ക് നിയമപരമായി നീങ്ങാമെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു. മലപ്പുറം പെരിന്തൽമണ്ണയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

*************************************************************

## ഹൈക്കോടതി

നടിയെ ആക്രമിച്ച കേസിൽ, പീഡന ദൃശ്യങ്ങൾ അടങ്ങിയ മെമ്മറി കാർഡ് അനധികൃതമായി പരിശോധിച്ചതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് റദ്ദാക്കണമെന്ന്  ആവശ്യപ്പെട്ട് അതിജീവിത സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. ഹർജി നിയമപരമായി നിലനിൽക്കില്ലെന്നും ഹർജിക്കാരിക്ക് മേൽ കോടതിയെ സമീപിക്കാം എന്നും ഹൈക്കോടതി വ്യക്തമാക്കി.

*************************************************************

## നടൻ ബാല-അറസ്റ്റ്

സാമൂഹ്യ മാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തിയെന്ന് ആരോപിച്ച് മുൻ ഭാര്യ  നൽകിയ പരാതിയിൽ നടൻ ബാലയെ കൊച്ചി സിറ്റി പോലീസ് അറസ്റ്റ് ചെയ്തു. ഇന്ന് പുലർച്ചെ ബാലയുടെ

വസതിയിലെത്തിയാണ് അറസ്റ്റ് ചെയ്തത്. ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള കേസും നടനെതിരെ ചുമത്തിയിട്ടുണ്ട്.

****************************************************************

## <u>ബൈജു സന്തോഷ്</u>

മദ്യപിച്ച് അമിത വേഗതയിൽ വാഹനം ഓടിച്ച് അപകടമുണ്ടാക്കിയെന്ന പരാതിയിൽ ചലച്ചിത്ര നടൻ ബൈജു സന്തോഷ് അറസ്റ്റിൽ. ഇന്നലെ രാത്രി തിരുവനന്തപുരം - വെള്ളയമ്പലത്ത് ആയിരുന്നു സംഭവം. കാർ മ്യൂസിയം പോലീസ് കസ്റ്റഡിയിലെടുത്തതിനുശേഷം ബൈജുവിനെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടു. സംഭവത്തിൽ യാത്രക്കാരന് പരിക്കില്ല.

****************************************************************

****************************************************************

****************************************************************

RNU TVPM